Draft #55 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 04-Sep-2019 04:29 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സെക്ഷൻ ഓഫീസർ സ്ഥാനക്കയറ്റം, സ്ഥലം മാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4256/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.09.2019

---

പരാമർശം:-1ശ്രീ.ഗോപകുമാർ എം.എസ്., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ 27.08.2019 തീയതിയിലെ അവധിയ്ക്കുള്ള അപേക്ഷ.
2. 05.09.2019 തീയതിയിലെ രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ്
3. സർക്കുലർ നമ്പർ 15874 /AD A1/Administration തീയതി 21.08.2019
4. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016
5. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**ഉത്തരവ്**

ശ്രീ.ഗോപകുമാർ എം.എസ്., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, CBCSS XVIII സെക്ഷൻ, 02.09.2019 മുതൽ 30.11.2019 വരെ 90 ദിവസത്തേക്ക് അവധിയ്ക്ക് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, ശ്രീമതി. പ്രജിഷ പി.,അസിസ്റ്റന്റ് സെക്ഷൻ ഓഫീസറെ സെക്ഷൻ ഓഫീസറായി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ ശ്രീ.ഗോപകുമാർ എം.എസ് അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ സെക്ഷൻ ഓഫീസർ തസ്തിക ഒഴിവിൽ താൽക്കാലികമായി ഉൾക്കൊള്ളിച്ച് ഉടൻ പ്രാബല്യത്തിൽ നിയമിക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിച്ചിരിക്കുന്ന സെക്ഷൻ ഓഫീസർമാരുടെ സ്ഥലം മാറ്റം ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര് | നിലവിലെ സെക്ഷൻ | സ്ഥലം മാറ്റുന്ന സെക്ഷൻ |
|---|---|---|---|
| 1 . | ശ്രീ.രാജീവ് എൻ.,സെക്ഷൻ ഓഫീസർ | EN 5 | സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് |
| 2. | ശ്രീ.സാല്വമോൻ ജോർജ്.,സെക്ഷൻ ഓഫീസർ | സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് | CBCSS 18 |
| 3. | ശ്രീമതി.പ്രജിഷ പി.,അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | EN 15 | EN 5 |
| 4. | ശ്രീ.ബിജു എം.എസ് .,അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ നിയമനം ,ടിയാനെ പ്രസ്തുത പഠനവകുപ്പിലേക്ക് സ്ഥലം മാറ്റിയ തിയതി മുതൽ പരമാവധി 3വർഷത്തേയ്ക്കായി നിജപ്പെടുത്തിയിരിക്കുന്നു. | | |

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ

രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീരാജ് ആർ

ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ/ പ്രോ വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX/സി.ബി.സി.എസ്.എസ്.18 /സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് /സ്കൂൾ ഓഫ് ലെറ്റേഴ്സ് /EN 5
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #55 of File 3558/AD A1/ASO1/2018/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 04-Sep-2019 04:29 PM - Page 2